സി5/689/2025-ടി.സി 23-07-2025

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട് ,
തൈക്കാട് പി.ഒ,തിരുവനന്തപുരം - 695 014

ഇ-മെയിൽ : tcoffice.mvd@kerala.gov.in |വെബ്: www.mvd.kerala.gov.in |☎ :0471-2333317

പ്രേഷകൻ

ട്രാൻസ്പോർട്ട് കമ്മീഷണർ,
മോട്ടോർ വാഹന വകുപ്പ്, കേരളം

സ്വീകർത്താവ്

എല്ലാ ഡി ടി സി മാരും

സർ,

വിഷയം:- മോട്ടോർ വാഹന വകുപ്പ് -ഔദ്യോഗിക ഇമെയിൽ വിലാസത്തിൽ ലഭിക്കുന്ന എല്ലാ മെയിലുകൾക്കും കൈപ്പറ്റ് രശീത് നൽകുന്നതും നടപടി സ്വീകരിക്കുന്നതും സംബന്ധിച്ച്

സൂചന :- (1)പൊതു ഭരണ (ഏകോപന) വകുപ്പിന്റെ 19.05.20211 ലെ 18825/ സി ഡി എൻ 3/10/10/പൊ ഭ വ നമ്പർ സർക്കാർ സർക്കുലർ

(2)29.05.2025ൽ ലഭിച്ച ശ്രീ ഫിറോസ് ,hibaz27@yahoo.com ന്റെ നിവേദനം

(3) ഗതാഗത കമ്മീഷണറുടെ 6/2021 സർക്കുലർ

(4) ഈ ഓഫീസിൽ നിന്നും 30.05.2025 ൽ എല്ലാ ഡി ടി സി മാർക്കും ആയച്ച ഇതേ നമ്പർ കത്ത്


(5) മദ്ധ്യമേഖല ഡി ടി സി എറണാകുളത്തിന്റെ 10.07.2025 ലെ ജി/280/2025/CZ11 നം കത്ത്

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.ഔദ്യോഗിക ഇ മെയിൽ വിലാസത്തിൽ ലഭിക്കുന്ന എല്ലാ മെയിലുകൾക്കും കൈപ്പറ്റ് രശീത് നൽകേണ്ടതും നടപടി കൈകൊണ്ട് അയച്ച ആളിനെ അറിയിക്കേണ്ടതുമാണ്.

ഒന്നാമതായി പറഞ്ഞിരിക്കുന്ന സർക്കാർ സർക്കുലറിൽ വ്യക്തമായ നിർദ്ദേശം നിലവിലുള്ളതാണ്.മൂന്നാമതായി പറഞ്ഞിരിക്കുന്ന ഗതാഗത കമ്മീഷണറുടെ സർക്കുലറിൽ എല്ലാ ഇമെയിലുകളും ഇ ഓഫീസിൽ ഡയറൈസ് ചെയ്യണമെന്ന് നിർദ്ദേശം നൽകിയിട്ടുള്ളതും എല്ലാ ജിവനക്കാർക്കും പരിശീലനം നൽകിയിട്ടുള്ളതുമാണ്.

എല്ലാ ഇ മെയിലുകളും ഇ ഓഫീസിൽ ഡയറൈസ് ചെയ്യേണ്ടതാണ്.ഡയറൈസ്

ചെയ്യുമ്പോൾ അയച്ച ആളിന്റെ ഇ മെയിൽ വിലാസം ചേർത്താൽ രസീറ്റ് ജനറേറ്റ് ചെയ്യുമ്പോൾ തന്നെ ഇമെയിൽ വന്ന വിലാസത്തിലേക്ക് സ്വമേധയാ കൈപ്പറ്റ് രശീത് പോകുന്ന രീതിയിലാണ് ഇ ഓഫീസ് ക്രമീകരിച്ചിരിക്കുന്നത്.




എല്ലാ ഔദ്യോഗിക ഇ മെയിൽ വിലാസങ്ങളും സജീവമാണെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.അല്ലാത്ത പക്ഷം ഇമെയിൽ അഡ്മിനെ സമീപിച്ച് ഇ മെയിൽ പ്രവർത്തന സജ്ജമാക്കിയിരിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

**RAJEEV R**

**SR. DEPUTY TRANSPORT COMMISSIONER (TAX)**

പകർപ്പ് :-

(1) എല്ലാ സി എ മാരും ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്,

(2) കമ്പ്ളെയിന്റ് സെൽ ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്,

(3) എല്ലാ വിഭാഗം സൂപ്രണ്ടുമാരും ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്

മോട്ടോർ വാഹന വകുപ്പ്, കേരളം

കേരള സർക്കാർ

പൊതുഭരണ (ഏകോപന) വകുപ്പ്

നം.18825/സി.ഡി.എൻ.3/10/പൊ.ഭ.വ തിരുവനന്തപുരം, തീയതി: 19/05/2011.

## സർക്കുലർ

വിഷയം:- പൊതുഭരണം - ഔദ്യോഗിക ഇ-മെയിൽ വിലാസത്തിൽ ലഭിക്കുന്ന അപേക്ഷകൾ/പരാതികൾ യഥാസമയം പരിശോധിച്ച് അനന്തര നടപടി സ്വീകരിക്കുന്നത് സംബന്ധിച്ച്.

.....

പന്ത്രണ്ടാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനത്തിൽ ഉന്നയിച്ച നിയമസഭാ ചോദ്യത്തിന് നൽകിയ മറുപടിയിൽ എല്ലാ ഉദ്യോഗസ്ഥരും അവരവർക്ക് നൽകിയിട്ടുള്ള ഔദ്യോഗിക ഇ-മെയിൽ വിലാസത്തിൽ ലഭിക്കുന്ന പരാതികൾ പരിശോധിക്കണമെന്നും ആയത് ലഭിച്ച വിവരത്തിന് റിട്ടേൺ റസീപ്റ്റ് അയയ്ക്കണമെന്നും കർശന നിർദ്ദേശം നൽകുന്നതാണെന്ന് ഉറപ്പു നൽകിയിരുന്നു.

2) ഈ സാഹചര്യത്തിൽ എല്ലാ ഉദ്യോഗസ്ഥരും തങ്ങളുടെ ഔദ്യോഗിക ഇ-മെയിൽ വിലാസത്തിൽ ലഭിക്കുന്ന അപേക്ഷകൾ/പരാതികൾ യഥാസമയം പരിശോധിച്ച് അനന്തര നടപടി സ്വീകരിക്കേണ്ടതും ആയത് ലഭിച്ച വിവരത്തിന് റിട്ടേൺ റസീപ്റ്റ് അയയ്ക്കേണ്ടതുമാണ്. മേൽ നിർദ്ദേശം എല്ലാ സർക്കാർ ഉദ്യോഗസ്ഥരും കർശനമായി പാലിക്കണമെന്ന് നിർദ്ദേശിക്കുന്നു.

മനോജ് ജോഷി
ഗവൺമെന്റ് സെക്രട്ടറി

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും/പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/ സെക്രട്ടിമാർക്കും.
നിയമം, ധനകാര്യം ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും.
വകുപ്പ് അദ്ധ്യക്ഷന്മാർക്കും, ജില്ലാ കളക്ടർമാർക്കും.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:- മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിമാർക്ക്.
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിയ്ക്ക്.
പൊതുഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ.യ്ക്ക്.
ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് സെക്രട്ടറിയുടെ പി.എ. യ്ക്ക്.